**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 943** **14-01-2021 - ൽ മറുപടിയ്ക്ക്**

**ഡാമുകളിലെ ചെളിയും മണലും നീക്കം ചെയ്യൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം . വിൻസെൻറ് | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഡാമുകളിലും, റിസർവ്വോയറുകളിലും അടിഞ്ഞുകിടക്കുന്ന ചെളിയും മണലും നീക്കം ചെയ്യുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ഡാമുകളിലും, റിസർവ്വോയറുകളിലും അടിഞ്ഞു കിടക്കുന്ന ചെളിയും മണലും നീക്കം ചെയ്യുന്നതിനായി ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസിജിയർ (SOP) തയ്യാറാക്കുകയും 26/09/2017ലെ സർക്കാർ ഉത്തരവ് സ.ഉ(കൈ) നം. 79/2017/ജവിവ, 14/05/2019ലെ സർക്കാർ ഉത്തരവ് സ.ഉ(കൈ) നം. 14/2019/ജവിവ എന്നിവ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പൈലറ്റ് പദ്ധതിയായ മംഗലം ഡാമിന്റെ ഡിസിൽറ്റേഷൻ പ്രവൃത്തികളുടെ കരാർ 'Dharti Dredging & Infrastructure Limited' എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ചുള്ളിയാറിന്റെ പ്രവൃത്തി 'Kerala Irrigation Infrastructure Development Corporation Ltd (KIIDC)' നും മീൻകര, വാളയാർ എന്നിവയുടെ പ്രവൃത്തികൾ 'Kerala Mineral Development Corporation Ltd (KEMDEL)' നും നൽകുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | ഏതൊക്കെ ഡാമുകളിലെയും, റിസർവ്വോയറുകളിലെയും ചെളിയും മണലുമാണ് നീക്കം ചെയ്യുവാൻ തീരുമാനിച്ചിട്ടുള്ളത്; അതിനായുള്ള പരിസ്ഥിതി ആഘാതപഠനം നടത്തിയിട്ടുണ്ടോ; | (ബി) | മംഗലം, അരുവിക്കര, ചുള്ളിയാർ, മീൻകര, വാളയാർ, മലങ്കര, പഴശ്ശി, കാരാപ്പുഴ, മണിയാർ, മലമ്പുഴ എന്നീ ഡാം/ റിസർവോയറുകളിലെയും കമ്പാലത്തറ, കുന്നംപിടാരി, വെങ്കലക്കയം എന്നീ ഏരികളിലെയും ചെളിയും മണലും നീക്കം ചെയ്യുവാനാണ് തീരുമാനിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതി മന്ത്രാലയത്തിന്റെ 15 ജനുവരി 2016ലെ നോട്ടിഫിക്കേഷൻ S.O141(E) അനുച്ഛേദം (9) ഖണ്ഡിക 7(i)(B) പ്രകാരം റെഗുലേറ്ററുകൾ, റിസർവോയറുകൾ, അണക്കെട്ടുകൾ എന്നിവയിൽ അടിഞ്ഞുകൂടുന്ന മണൽ, ചെളി എന്നിവ നീക്കം ചെയ്യുവാനും പ്രകൃതി ദുരന്തങ്ങൾ ഒഴിവാക്കാനുള്ള പ്രവൃത്തികൾക്ക് മുൻകൂർ പരിസ്ഥിതി ആഘാതപഠനമോ പരിസ്ഥിതി |

| | | | |
|---|---|---|---|
| | | | അനുമതിയോ ആവശ്യമില്ലാത്തതിനാൽ പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടില്ല. |
| (സി) | ഇതിന്റെ പൈലറ്റ് പദ്ധതി ഏതൊക്കെ ഡാമുകളിലാണ് നടപ്പിലാക്കിയത്; അത് വിജയപ്രദമാണോ; ഏത് ഏജൻസിയെയാണ് ഇതിന്റെ ചുമതല ഏല്പിച്ചതെന്നും അതിൽ നിന്നും എന്ത് വരുമാനം ലഭിച്ചുവെന്നും വ്യക്തമാക്കുമോ? | (സി) | പൈലറ്റ് പദ്ധതിയായ മംഗലം ഡാമിലെ ചെളിയും മണലും നീക്കം ചെയ്യുന്ന പ്രവൃത്തികൾ നടന്നു വരുന്നു. ഈ പ്രവർത്തനങ്ങൾ 'Dharti Dredging & Infrastructure Limited' എന്ന സ്ഥാപനത്തെയാണ് ഏൽപ്പിച്ചിട്ടുള്ളതാണ്. 17.70 കോടി രൂപയ്ക്കാണ് (ജി.എസ്.ടി അടക്കം) ഈ പ്രവർത്തി കരാറായിട്ടുള്ളത്. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി കരാറുകാരൻ 35,40,000/- രൂപ അടച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ